# പതിനാലാം കേരളനിയമസഭ

## ഏഴാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത**
**ചോദ്യം നം: 3428**

**22.08.2017-ൽ മറുപടിക്ക്**

## ഇരിങ്ങാലക്കുട എസ്.ഐ. യുടെ വീടിനുനേർക്ക് നടന്ന ആക്രമണം

| ചോദ്യം<br>ശ്രീ.ബി.ഡി.ദേവസ്സി | മറുപടി<br>ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
|---|---|
| (എ) ഇരിങ്ങാലക്കുട എസ്.ഐ. ആയിരുന്ന ശ്രീ. ജിജോയുടെ വെറ്റിലപ്പാറയിലെ വീട് ആക്രമിക്കുകയും വീടിന്റെ പോർച്ചിലുണ്ടായിരുന്ന ബൈക്ക് പൂർണ്ണമായും കത്തിച്ച് നശിപ്പിക്കുകയും ചെയ്ത സംഭവത്തിലെ ഗൂഢാലോചനയടക്കം നടത്തിയ മുഴുവൻ പ്രതികളെയും നിയമത്തിന്റെ മുൻപിൽ കൊണ്ടു വരുന്നതിന് കഴിഞ്ഞിട്ടുണ്ടോ; | (എ) ഇരിങ്ങാലക്കുട എസ്.ഐ. ആയിരുന്ന ശ്രീ. ജിജോയുടെ വെറ്റിലപ്പാറയിലെ വീട് ആക്രമിക്കുകയും വീടിന്റെ പോർച്ചിലുണ്ടായിരുന്ന ബൈക്ക് പൂർണ്ണമായും കത്തി നശിക്കുകയും ചെയ്ത സംഭവത്തിൽ മുഴുവൻ പ്രതികളെയും അറസ്റ്റ് ചെയ്ത് കുറ്റപത്രം ബഹു.കോടതിയിൽ സമർപ്പിച്ചിട്ടുള്ളതാണ്. |
| (ബി) കത്തി നശിച്ച ബൈക്കിനു പകരം പുതിയ ബൈക്ക് നൽകുന്നതിനായി നടപടി സ്വീകരിച്ചിട്ടുണ്ടോ;<br>(സി) എങ്കിൽ ആയത് അനുവദിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ? | (ബി) & (സി) ഇരിങ്ങാലക്കുട എസ്.ഐ. ശ്രീ.ജിജോ എം.ജെ. യുടെ അഗ്നിക്കിരയായ ബൈക്കിനു പകരം ബൈക്കിന്റെ കാലപ്പഴക്കം കണക്കാക്കിയുള്ള തുകയായ 20,000/- രൂപയിൽ നിന്നും ഇൻഷ്വറൻസ് ക്ലെയിം ആയ 11,000 രൂപ കുറവ് ചെയ്ത് 9,000/- (ഒൻപതിനായിരം രൂപ മാത്രം) നിലവിലുള്ള ചട്ടങ്ങൾക്കും ഫണ്ടിന്റെ ലഭ്യതയും അനുസരിച്ച് അനുവദിക്കുന്നതിന് അനുമതി നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |

Deepa

**സെക്ഷൻ ഓഫീസർ**